മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, മൂവാറ്റുപുഴ മുനിസിപ്പൽ പ്രദേശത്തും പായിപ്ര പഞ്ചായത്തിലെ പെരുമറ്റത്തും 31-7-2005-ൽ ഉണ്ടായ ശക്തമായ മഴയിലും കാറ്റിലും നിരവധി നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. മൂവാറ്റുപുഴ ആറ്റിലെ വെള്ളം ക്രമാതീതമായി കരയ്ക്കു കയറിയതുമൂലം 60-ഓളം വീടുകളിൽ വെള്ളം കയറുകയും അവിടെയുള്ള ആളുകളെ മാറ്റിപാർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മാറ്റി പാർപ്പിച്ച സ്ഥലങ്ങളിൽ വേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ നിർദ്ദേശം നൽകും. വീട് പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് സർക്കാർ പ്രഖ്യാപിച്ച 30,000 രൂപ കൊടുക്കും. അതിന് യാതൊരു മാറ്റവുമില്ല. അതിന്റെ ജി.ഒ. ഇഷ്യൂ ചെയ്തിട്ടുണ്ട്. അത് ഇനിയും എവിടെയെങ്കിലും കിട്ടിയിട്ടില്ലെങ്കിൽ ഞാൻ ഇന്നു തന്നെ ശ്രദ്ധിച്ച് അതിന് ആവശ്യമായ എല്ലാ നടപടികളും എടുക്കുന്നതാണ്.

(5) പ്രകൃതിക്ഷോഭംമൂലമുണ്ടായ നാശനഷ്ടം

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, കഴിഞ്ഞ 10-14 ദിവസങ്ങളായി തുടർച്ചയായിട്ട് ശക്തമായ മഴ കേരളത്തിൽ പല ജില്ലകളിലുമുണ്ട്. പ്രത്യേകിച്ച് ഇടുക്കി ജില്ലയിൽ. നിരവധി പേർ മരണപ്പെട്ടു. ധാരാളം നാശനഷ്ടങ്ങളുണ്ടായി. സഭയിൽ തന്നെ മൂന്നാറിലെ പ്രശ്നം പ്രത്യേകമായ അടിയന്തിരപ്രമേയമായി ചർച്ച ചെയ്തു. ഇതിൽ ഡൽഹിയിൽ നിന്നു വന്ന വാർത്ത എന്താണെന്നു വച്ചാൽ, നമ്മുടെ സംസ്ഥാന ഗവൺമെന്റ് ഇതുവരെയായി മഴക്കെടുതികൾ അല്ലെങ്കിൽ പ്രകൃതിക്ഷോഭ സംബന്ധമായി കേന്ദ്രഗവണ്മെന്റിൽ നിന്ന് പ്രത്യേകമായ ധനസഹായത്തിനുവേണ്ടി എന്തെങ്കിലും നിവേദനമോ അപേക്ഷയോ നൽകിയിട്ടില്ല എന്നും കേന്ദ്ര സംഘം സംസ്ഥാനത്തു വന്ന് പ്രകൃതിക്ഷോഭങ്ങളും നാശനഷ്ടങ്ങളും വിലയിരുത്താൻ വരണമെന്ന ആവശ്യം ഉന്നയിച്ചിട്ടില്ലായെന്നും കേന്ദ്രഗവൺമെന്റിന്റെ വക്താക്കൾ പറഞ്ഞുകഴിഞ്ഞിരിക്കുകയാണ് എന്നാണ്. ഇതിന്റെ സത്യസ്ഥിതി എന്താണ്? അങ്ങനെ കൊടുത്തിട്ടില്ലെങ്കിൽ കേന്ദ്ര ഗവണ്മെന്റിന്റെ മുമ്പിൽ അടിയന്തിരമായി നിവേദനം നൽകാനും സംഘത്തെ കേരളത്തിൽ വരുത്താനുമുള്ള നടപടി സ്വീകരിക്കണം. ഇത്തരമൊരു വീഴ്ച ഈ സന്ദർഭത്തിൽ ഉണ്ടായത് നിർഭാഗ്യകരമായിപ്പോയി. അതു പരിശോധിക്കാൻ അടിയന്തിരമായി നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, ഇവിടെ നിന്ന് വിവരങ്ങൾ അറിയിച്ചിട്ടില്ല എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് എവിടെ നിന്നു കിട്ടി എന്നെനിക്കറിയില്ല. ഗവണ്മെന്റിന്റെ ഭാഗത്തു നിന്നും ഒരു വീഴ്ചയും വന്നിട്ടില്ല. ഈ സംഭവം നടന്ന ദിവസം തന്നെ സ്പെഷ്യൽ ക്യാബിനറ്റ് കൂടി. പക്ഷെ 27-ാം തീയതി ക്യാബിനറ്റ് കൂടിയാൽ പോരാ എന്നു ബോധ്യപ്പെട്ടതുകൊണ്ട് 26-ാം തീയതി തന്നെ ക്യാബിനറ്റ് കൂടി. സംഭവമുണ്ടായ ഉടൻ തന്നെ മൂന്നു മന്ത്രിമാരെ അങ്ങോട്ടയച്ചു. ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരെ അയച്ചു. വേണ്ടതൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു. മിലിട്ടറിയെയും അയച്ചു. 26-ാം തീയതി ക്യാബിനറ്റ് കൂടി. ഞങ്ങൾ കാര്യങ്ങൾ വിലയിരുത്തിയശേഷം കേന്ദ്രത്തിന് മെമ്മോറാണ്ടം കൊടുക്കാൻ തീരുമാനിച്ചു. 27-ാം തീയതി തന്നെ ഞാൻ പ്രധാനമന്ത്രിക്ക് അതുവരെയുള്ള സംഭവങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള ഫാക്സ് അയച്ചു. മെമ്മോറാണ്ടം തയ്യാറാക്കുന്നതേയുള്ളു. ടീമിനെ അയയ്ക്കണമെന്നുള്ള ആവശ്യം കേന്ദ്രഗവണ്മെന്റിനെ അറിയിച്ചുകഴിഞ്ഞു. അതുകൊണ്ട് ഒരു വീഴ്ചയും വന്നിട്ടില്ല. 26-ാം തീയതി ക്യാബിനറ്റ് കൂടി മെമ്മോറാണ്ടം കൊടുക്കാനുള്ള തീരുമാനമെടുത്തു. 27-ന് അതുവരെയുണ്ടായിട്ടുള്ള നാശനഷ്ടങ്ങളെയെല്ലാം സംബന്ധിച്ച് പ്രധാനമന്ത്രിയെ കാര്യങ്ങൾ ധരിപ്പിച്ചു. രണ്ടു ദിവസങ്ങൾക്കുള്ളിൽ 9 മരണങ്ങളാണ്. അതിനു മുമ്പ് വേറെ മരണങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ വിവരങ്ങളെല്ലാം കാണിച്ചുകൊണ്ട് ഫാക്സ് അയച്ചിട്ടുണ്ട്. തുടർന്നും കേന്ദ്രത്തിൽ നിന്നുള്ള എല്ലാ സഹായങ്ങളും ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും.

(6) കോട്ടയം ജില്ലയിലെ വെള്ളപ്പൊക്ക കെടുതി

ശ്രീ. പി. നാരായണൻ: സർ, കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ മേഖലയിലും കിഴക്കൻ മേഖലയിലും ഉരുൾപൊട്ടൽമൂലവും തോരാത്ത മഴയിലും പാവപ്പെട്ട കർഷകരും കർഷകത്തൊഴിലാളി കുടുംബങ്ങളും ഭവനരഹിതരായിട്ടുണ്ട്. അവരെ മാറ്റി പാർപ്പിക്കുന്നതിനും അവർക്ക് സൗജന്യ റേഷൻ കൊടുക്കുന്നതിനും മെഡിക്കൽ ക്യാമ്പ് തുടങ്ങുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. അതോടൊപ്പം പുഞ്ചാർ നിയോജകമണ്ഡലത്തിൽ കയ്പ്പള്ളിയിൽ മണ്ണിടിച്ചിൽമൂലം 50 വീടുകൾക്കാണ് അപകട ഭീഷണിയുണ്ടായിട്ടുള്ളത്. അത് നേരിട്ട് മനസ്സിലാക്കുന്നതിനായി ഒരു നിവേദക സംഘത്തെ ഇറിടെ നിന്ന് അയയ്ക്കണമെന്നും അതിന്റെ നഷ്ടം തിട്ടപ്പെടുത്തി അവർക്ക് കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, വെള്ളപ്പൊക്കത്തിന്റെ കെടുതി കോട്ടയം ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിലും പടിഞ്ഞാറൻ പ്രദേശങ്ങളിലും ഒരുപോലെയുണ്ടായിട്ടുണ്ട്. കിഴക്കൻ പ്രദേശങ്ങളിലും പുഞ്ചാർ തെക്കേക്കര വില്ലേജിൽ കയ്പ്പള്ളിയിലും ഉരുൾ പൊട്ടൽ ഉണ്ടായതുമൂലം വെള്ളം കയറിയിട്ടുണ്ട്. ഈ മേഖലകളിൽ ഉണ്ടായ കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്ക് വേണ്ടി ദുരിതാശ്വാസപ്രവർത്തനം യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിച്ചു കഴിഞ്ഞു. വൈക്കം വാഴമന ഹരിജൻ വെൽഫയർ എൽ.പി.എസ്.-ൽ ആരംഭിച്ച ക്യാമ്പിൽ 13 കുടുംബങ്ങളെ പാർപ്പിച്ചിട്ടുണ്ട്. അവർക്ക് വേണ്ട സൗകര്യങ്ങൾ ചെയ്യുന്നുണ്ട്. ട്രീറ്റ്മെന്റിന് വേണ്ട സൗകര്യം ചെയ്തിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം കോട്ടയം കളക്ടറേറ്റിൽ ആരംഭിച്ചിട്ടുണ്ട്. വീട് നഷ്ടപ്പെട്ടവർക്ക് 30,000 രൂപ വച്ചു തന്നെ കൊടുക്കും. ബഹുമാനപ്പെട്ട മെമ്പർമാർക്ക്

LIBRARY ARCHIVES Kerala Legislative Assembly